(സി) തിരുവനന്തപുരം പേട്ടയിലുള്ള കെപ്കോയുടെ ഹെഡ് ഓഫീസിലെ കൗണ്ടറിൽ നിന്നും സ്റ്റോക്ക് നിലവിലിരിക്കെ പൊതുജനങ്ങൾക്ക് മുട്ട വിൽപ്പന നടത്തുന്നില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) കെപ്കോയുടെ പ്രസ്തുത ഓഫീസിൽ ഉൽപന്ന വിപണനം സുഗമമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോഴിമുട്ടകളെ തരംതിരിച്ച് ഓരോന്നിന്റെയും ഭാരം അനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. നിലവിലുള്ള വില നിലവാരം താഴെച്ചേർത്തിരിക്കുന്നു.

44 ഗ്രാമിന് താഴെ ഭാരമുള്ളത്	-	3 രൂപ
45 ഗ്രാമിനും 55 ഗ്രാമിനും മധ്യേ	-	4 രൂപ
56 ഗ്രാം മുതൽ 75 ഗ്രാം വരെ	-	5 രൂപ
76 ഗ്രാം മുതൽ 90 ഗ്രാം വരെ	-	6 രൂപ
90 ഗ്രാമിനു മുകളിൽ ഭാരമുള്ളത്	-	7 രൂപ

കൗണ്ടറിന്റെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ.

(ബി) കെപ്കോയുടെ പേട്ടയിലെ പ്രധാന കൗണ്ടറിലൂടെയാണ് മുട്ട വില്പന നടത്തുന്നത്.

(സി) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല.

(ഡി) കെപ്കോയുടെ പ്രധാന കൗണ്ടറിലൂടെ സുഗമമായ വിപണനമാണ് ഇപ്പോൾ നടക്കുന്നത്.

ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്താൻ നടപടി

232 (3519) ശ്രീ. ബി. ഡി. ദേവസ്സി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി വെറ്ററിനറി ആശുപത്രി, ആവശ്യമായ സ്റ്റാഫ്, ലാബ് സൗകര്യങ്ങളോടുകൂടി പോളി ക്ലിനിക്കായി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാലക്കുടി ആർ.എ.ഐ.സി.-യുടെ ഉപയോഗത്തിലേയ്ക്കായി ചാലക്കുടി മൃഗാശുപത്രി കോമ്പൗണ്ടിൽ നിർമ്മാണം ആരംഭിച്ച ട്രെയിനിംഗ് സെന്ററിൽ ഓഡിയോ-വിഷ്വൽ സംവിധാനങ്ങൾ അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന ശിപാർശ ആയതിനാൽ ചാലക്കുടി വെറ്ററിനറി ആശുപത്രി പോളി ക്ലിനിക്കായി ഉയർത്തണമെന്ന ശിപാർശ ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ബി) ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ പന്നിപ്പനി

233 (3520) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ പന്നിപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജില്ലയിലെ ഏതെല്ലാം പ്രദേശത്താണ് പന്നിപ്പനി സ്ഥിരീകരിച്ചിട്ടുള്ളത് ;

(സി) പന്നിപ്പനി തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ഡി) പന്നിപ്പനി ജനങ്ങൾക്ക് ഭീക്ഷണിയാണോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ മുതലമട പഞ്ചായത്തിലെ പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ കീഴിലുള്ള സുങ്കം കോളനി പരിസരത്തുള്ള കാട്ടുപന്നികൾക്കും വണ്ടാഴി പഞ്ചായത്തിലെ ഒരു സ്വകാര്യ ഫാമിലുമാണ് പന്നിപ്പനി (ക്ലാസിക്കൽ സ്വയിൻ ഫീവർ) റിപ്പോർട്ട് ചെയ്തത്. പന്നിപ്പനിയാണെന്ന് പാലക്കാട് റീജിയണൽ ലാബിലാണ് സ്ഥിരീകരിച്ചത്. കോളനി പരിസരത്ത് 17 കാട്ടുപന്നികളും സ്വകാര്യഫാമിൽ ആറ് വളർത്തു പിന്നികളുമാണ് അസുഖംമൂലം മരണപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly